# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

**ഹാജർ** : **കെ.ബൈജുനാഥ്,**
**ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

**എച്ച്.ആർ.എം.പി. നമ്പർ : 2522/11/12/2023/ TVM**

പരാതികക്ഷി : 1) ആർ.വിലാസിനി,ബിനുഭവൻ
താന്നിമൂട്,ഇരിഞ്ചയം,നെടുമങ്ങാട്
2) ഗോപാലകൃഷ്ണൻ, ബിനുഭവൻ
താന്നിമൂട്,ഇരിഞ്ചയം,നെടുമങ്ങാട്

എതിർകക്ഷികൾ : 1) ശ്രീമതി ദിപാറാണി
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ
കേരളാ റോഡ് ഫണ്ട് ബോർഡ്
2)ജില്ലാ കളക്ടർ, തിരുവനന്തപുരം

**ഉത്തരവ് തീയതി 09.05.2024**

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് വില്ലേജിൽ സർവ്വേ നമ്പർ 94/14 വസ്തുവിൽ സ്ഥിതി ചെയ്യുന്ന വീട്ടിൽ വർഷങ്ങളായി ഹർജികക്ഷികൾ താമസിച്ചുവരുന്നതായും, പഴകുറ്റി വെമ്പായം റോഡ് നിർമ്മാണത്തിനായി ഹർജികക്ഷികളുടെ വസ്തു സൗജന്യമായി നൽകുന്നതിലേയ്ക്കായി ടിയാൻെറ ഗേറ്റും മതിലും 2022 മാർച്ചിൽ ഇളക്കി മാറ്റുകയുണ്ടായതായും, ഹർജികക്ഷികളുടെ വസ്തുവിന് എതിർവശം സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് കൈയ്യേറ്റ വസ്തുവിലെ കെട്ടിടങ്ങളിലെ ഉടമകളുടെ സ്വാധീനഫലമായി റോഡ് നിർമ്മാണത്തിന് നേതൃത്വം വഹിക്കുന്ന ഒന്നാം എതിർകക്ഷി റോഡ് അലൈമെൻറിൽ മാറ്റം വരുത്തിയതായും, ഹർജിക്കാരി ഇക്കാര്യത്തെപ്പറ്റി മേലുദ്യോഗസ്ഥർക്ക് പരാതിപ്പെട്ടതിൻെറ വിരോധത്താൽ ഒരു കിലോമീറ്ററോളം നീളത്തിൽ വെള്ളം ഒഴുകിവരുന്ന ഓടയുടെ അവസാന ഭാഗം മനഃപൂർവ്വമായി ടിയാളുടെ വീട്ടിലേയ്ക്ക് തിരിച്ചു വിടുന്ന രീതിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുകയുണ്ടായതായും, 26.03.2023 തീയതി വൈകുന്നേരം 5 മണിക്ക് 10 മിനിറ്റ് സമയം പെയ്ത മഴയിൽ തന്നെ ഹർജികക്ഷികലുടെ വീടിന് അകവശം മുഴുവൻ വെള്ളവും ചെളിയും കയറുകയും വീട് മുഴുവനായും നാശം സംഭവിക്കുകയും ചെയ്തിട്ടുള്ളതാണെന്നും, വെള്ളം കയറിയതിനെ തുടർന്ന് പരാതികക്ഷികളുടെ വീട്ടിലുണ്ടായിരുന്ന ഗൃഹോപകരണങ്ങളും ഫർണീച്ചറുകളും നശിക്കുകയുണ്ടായതായും,

അശാസ്ത്രീയമായും അനധികൃതമായും നടത്തിയ ഓടയുടെ നിർമ്മാണം കാരണമാണ് വീട്ടിൽ വെള്ളം കയറാനുള്ള സാഹചര്യം സൃഷ്ടിച്ചതെന്നും, പരാതികക്ഷിക്ക് ഉണ്ടായ നാശനഷ്ടത്തിന് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം എതിർകക്ഷികളിൽ നിന്നും ഈടാക്കി നൽകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയി തിരുവനന്തപുരം ജില്ലാ കളക്ടർക്കുവേണ്ടി സ്പെഷ്യൽ തഹസീൽദാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ റോഡ് ഫണ്ട് ബോർഡ് എന്നിവർ റിപ്പോർട്ടുകൾ സമർപ്പിച്ചു.

പഴകുറ്റി – മംഗലാപുരം റോഡ് വികസനവുമായി ബന്ധപ്പെട്ട് LARR Act Sec 3(g) പ്രകാരം സ്പെഷ്യൽ തഹസീൽദാർ കിഫ്ബി യൂണിറ്റ് 2 നെ തിരുവനന്തപുരം ജില്ലാകളക്ടറുടെ 1.12.2021 ലെ k13-147314/18 നമ്പർ ഉത്തരവ് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് അധികാരമുള്ള ഓഫീസറായി നിയമിച്ചുവെന്നും 3 റീച്ചുകളിലായി തിരിച്ചിട്ടുള്ള പ്രസ്തുത പ്രോജക്ടിൻെറ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് 35 ൽ സർവ്വേ നമ്പർ 94/14-1 ൽ ഉൾപ്പെട്ടുവരുന്ന സ്ഥലത്തെ സംബന്ധിച്ചാണ് പ്രസ്തുത ഹർജിയിൽ പരാമർശിച്ചിട്ടുള്ളതെന്നും, അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ചിട്ടുള്ള അർത്ഥനയും അലൈമെൻറ് സ്കെച്ചും റോഡ് വികസനത്തിന് ഏറ്റെടുക്കേണ്ട ഭൂമി സർവ്വെ ചെയ്തിട്ടുള്ളതും നിയമാനുസൃതമായി വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണെന്നും, അവാർഡ് വിചാരണയ്ക്കുള്ള നിയമാനുസൃതമായ നോട്ടീസ് എല്ലാ തത്പരകക്ഷികൾക്കും നൽകിയിട്ടുള്ളതും അതനുസരിച്ച് വസ്തു ഉടമയായ ശ്രീ ബിനു ജി.വി എന്നയാൾ ഹാജരായി അനുബന്ധരേഖകൾ സമർപ്പിച്ചിട്ടുള്ളതാണെന്നും, പ്രസ്തുത സർവ്വെ നമ്പറിൽപ്പെട്ട പൊന്നുംവില വസ്തുക്കൾക്ക് നാളത് ലഭിക്കാവുന്ന ഏറ്റവും ഉയർന്ന വിലയായ ആറൊന്നിന് 4,83,617/-രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ചിട്ടുള്ളതും ആയത് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണെന്നും, അതനുസരിച്ച് ടിയാൾക്ക് ആകെ 6,99,897/-രൂപ നഷ്ടപരിഹാരതുകയായി കണക്കാക്കിയിട്ടുള്ളതുമാണെന്നും ടി തുക അവാർഡ് എൻക്വയറി വേളയിൽ ഹാജരാക്കിയ രേഖകൾ പ്രകാരം ശ്രീ ബിനു ജി.വി എന്നവരുടെ അക്കൗണ്ടിലേയ്ക്ക് 14.12.2023 തീയതി ക്രെഡിറ്റ് ആയിട്ടുള്ളതുമാണെന്നും. സ്പെഷ്യൽ തഹസീൽദാർ സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്നു

ഒരു പ്രവൃത്തിയ്ക്കായുള്ള അലൈമെൻറ് അസിസ്റ്റൻ്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെ ഉൾപ്പെടുന്ന ഓഫീസുകളിൽ വിശകലനം നടത്തി അന്തിമമായി സമർപ്പിക്കുന്ന അലൈമെൻറ് നിലവിലുള്ള സർക്കാർ സംവിധാനത്തിൽ അംഗീകരിച്ചെടുക്കുകയാണ് ചെയ്യുന്നതെന്നും, ആയതിൽ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന്

മാറ്റം വരുത്തുന്നതിനുള്ള അധികാരം ഇല്ല എന്നിരിക്കെ മേൽ പരാതിയിൽ പറഞ്ഞിരിക്കുന്ന ആരോപണങ്ങൾ തികച്ചും വസ്തുതയ്ക്ക് നിരക്കാത്തതെന്നും ഒരു ഉദ്യോഗസ്ഥയെ മാത്രം ഉന്നം വച്ചുകൊണ്ടു നടത്തിയിരിക്കുന്ന അനാവശ്യമായ ആരോപണമാണെന്നും, പരാതിക്കാരനോട് മഴക്കാല ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ഓട നിർമ്മാണം നടത്തുന്നതിനുള്ള സ്ഥലം എങ്കിലും മുൻകൂറായി വിട്ടു നൽകണമെന്ന് ജനപ്രതിനിധികൾ നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും മുൻ സർക്കാർ ഉദ്യോഗസ്ഥനായ ഹർജികക്ഷിയും നിലവിൽ സർക്കാർ ഉദ്യോഗസ്ഥനായ മകനും അനുമതി നൽകുകയുണ്ടായില്ലായെന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഓട നിർമ്മാണം നടത്തി ടി പരാതിക്ക് പരിഹാരം കാണാൻ കഴിയുമെന്നും കേരളാ റോഡ് ഫണ്ട് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. അലൈമെൻറിനെ സംബന്ധിച്ച തർക്കങ്ങൾ മനുഷ്യാവകാശ കമ്മീഷന് പരിഗണിക്കാൻ സാധിക്കുകയില്ല. എന്നാൽ ഓടയുടെ അശാസ്ത്രീയമായ നിർമ്മാണം കാരണം പരാതികക്ഷിയുടെ വീട്ടിലേയ്ക്ക് വെള്ളം ഒഴുകിയെത്തി നാശനഷ്ടം ഉണ്ടാകുന്നതായുള്ള ആരോപണം പരിശോധിക്കേണ്ടതും ഭാവിയിൽ അപ്രകാരം സംഭവിക്കാതിരിക്കാനുള്ള നടപടികൾ ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് നിർവ്വഹിക്കേണ്ടതുമാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് കേരളാ റോഡ് ഫണ്ട് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ